(ബി & സി) ഹെപ്പറ്റൈറ്റിസ് രോഗപ്രതിരോധത്തിനായി നൽകുന്ന കുത്തിവയ്പ് യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഒരു വയസ്സു മുതൽ 5 വയസ്സുവരെയുള്ള ഉയർന്ന രോഗസാധ്യതാ ഗ്രൂപ്പിൽപ്പെട്ട കുട്ടികൾക്ക് ഹെപ്പറ്റൈറ്റിസ്-ബി വാക്സിൻ സൗജന്യമായി നൽകുന്നതിനുള്ള ക്രമീകരണം നിലവിലുണ്ട്.

(ഡി) സാർവത്രിക രോഗപ്രതിരോധ പരിപാടിയിൽ ഉൾപ്പെടുത്തുന്ന കാര്യം കേന്ദ്രഗവൺമെന്റ് പരിഗണിച്ചുവരുന്നു.

(ഇ) 1. സിറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ

2. ശാന്താബൈ ടെക്നിക്സ്, ഹൈദരാബാദ്

എച്ച്.ഐ.വി. ടെസ്റ്റ് നടത്തുന്നതിന് നടപടി

98 (868) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ മണ്ഡലത്തിലെ കൈതക്കുഴിയിലെ ബിൽസിയും ബെൽസണും എച്ച്ഐ.വി. ബാധിതരാണെന്ന് ആരോപിച്ച് ചില ആളുകൾ അവരുടെ പഠിത്തം തടസ്സപ്പെടുത്തുവാൻ ശ്രമിക്കുന്നതിന്റെ കാരണത്താൽ സർക്കാർ ഇടപെട്ട് കുട്ടികൾ എച്ച്.ഐ.വി. ബാധിതരാണോ എന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ പരിശോധനാ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ ;

(സി) ഇല്ലെങ്കിൽ ഈ പരിശോധന ഉടനടി നടത്തിയശേഷം പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. എന്നാൽ രണ്ട് കുട്ടികൾക്കും എച്ച്.ഐ.വി. ഉള്ളതായി തെളിഞ്ഞിട്ടുള്ള പരിശോധനാ റിപ്പോർട്ടുകൾ, കേന്ദ്രസർക്കാരിന്റെ നാഷണൽ എയ്ഡ്സ് പോളിസി അനുസരിച്ച് രഹസ്യ സ്വഭാവം സൂക്ഷിക്കേണ്ടതുള്ളതിനാൽ ലഭ്യമാക്കാവുന്നതല്ല.

പേപ്പട്ടി വിഷബാധയേറ്റവർക്കുള്ള ആന്റിറാബിസ് വാക്സിനുകളുടെ സ്റ്റോക്ക്

99 (869) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേപ്പട്ടി വിഷബാധയേറ്റവർക്കുള്ള ആന്റിറാബിസ് വാക്സിൻ ഏതെല്ലാം കമ്പനികളിൽ നിന്നും സർക്കാർ വാങ്ങുന്നുണ്ട് ; ഇവ എത്ര രൂപ നിരക്കിലാണ് വാങ്ങുന്നത് ;

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം എത്ര കമ്പനികളിൽ നിന്നും എന്തുവിലയ്ക്ക് വീതം ഈ വാക്സിൻ വാങ്ങിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാർ തലത്തിൽ ഈ വാക്സിൻ ഉല്പാദിപ്പിക്കുന്നുണ്ടോ ; എങ്കിൽ, ഇതിന് എന്ത് വില നിശ്ചയിച്ചിട്ടുണ്ട് ; മറ്റു കമ്പനികൾ നൽകുന്ന വാക്സിന്റെ വില എത്ര ;

(ഡി) ഈ വാക്സിൻ ഏതെല്ലാം ആശുപത്രികളിൽ എത്രവീതം ഇപ്പോൾ സ്റ്റോക്കുണ്ട് ; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ;

(ഇ) വാക്സിൻ ഉണ്ടായിരുന്നിട്ടും അത് രോഗികൾക്ക് നൽകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് തടയുവാൻ എന്തു നടപടി സ്വീകരിച്ചു ;

(എഫ്) രോഗികൾക്കാവശ്യമുള്ള വാക്സിൻ നൽകുവാൻ ഗവൺമെന്റ് എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) അവന്തീസ് ഫാർമ എന്ന കമ്പനിയിൽ നിന്നും 181 രൂപ നിരക്കിൽ ടിഷ്യൂകൾച്ചർ വാക്സിനും സെറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ എന്ന കമ്പനിയിൽ നിന്നും 253 രൂപ നിരക്കിൽ ഹ്യൂമൻ ഡിപ്ലോയ്സെൽ റാബീസ് വാക്സിനും വാങ്ങിവരുന്നു.

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 4 കമ്പനികളിൽ നിന്നും ഈ വാക്സിൻ വാങ്ങിയിട്ടുണ്ട്. വിലവിവരം താഴെ കൊടുക്കുന്നു :

1. അവന്തീസ് ഫാർമ - 181 രൂപ
2. അവന്തീസ് പാസ്റ്റർ - 181 രൂപ
3. ഹ്യൂമൺ ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് - 147 രൂപ
4. സെറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ - 253 രൂപ (2002-03) 940 രൂപ (2001-02)

(സി) ഭാരത സർക്കാർ സ്ഥാപനമായ ഹ്യൂമൺ ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഈ വാക്സിൻ ഉല്പാദിപ്പിക്കുന്നുണ്ട്. 147 രൂപയാണ് കഴിഞ്ഞ വർഷത്തെ വില. മറ്റു കമ്പനികൾ 181 രൂപയ്ക്ക് ഈ വാക്സിൻ നൽകുന്നു.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) ഇത്തരത്തിലുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) സി.പി.സി.വഴി രോഗികൾക്കാവശ്യമായ വാക്സിൻ നൽകുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ ലോക്കൽ പർച്ചേസ് നടത്തുവാൻ വേണ്ട അധികാരം എല്ലാ ആശുപത്രി സൂപ്രണ്ടുമാർക്കും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly